# <u>നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസ് – എഞ്ചിനീയറിംഗ് & ടൗൺ പ്ലാനിംഗ് വിഭാഗം – പൊതുസ്ഥലംമാറ്റവും നിയമനവും – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

E4- 228/06 തിരുവനന്തപുരം, തീയതി 15/05/07.

---

പരാമർശം : (1) 04/04/2007 ലെ (എം.എസ്).105/2007/തസ്വഭവ നം. സർക്കാർ ഉത്തരവ്.
(2) നഗരകാര്യ ഡയറക്ടറുടെ 04/05/2007 ലെ ഇ4–4327/07–ാം നമ്പർ ഉത്തരവ്.

## <u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ നിയമനങ്ങൾക്ക് ബാധകമാക്കേണ്ട മാനദണ്ഡങ്ങൾ ഒന്നാം പരാമർശം മുഖേന സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളനുസരിച്ച്, കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ എഞ്ചിനീയറിംഗ് & ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ/തത്തുല്യ തസ്തികയിലെ ജീവനക്കാരുടെ 2007–ലെ പൊതു സ്ഥലം മാറ്റത്തിനായി രണ്ടാം പരാമർശം മുഖേന തയ്യാറാക്കിയ താൽക്കാലിക കരട് ലിസ്റ്റ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിലും, എല്ലാ നഗരസഭാ ഓഫീസുകളിലും, നഗരകാര്യ ഡയറക്ടറേറ്റിലും 04–05–2007 ന് പ്രസിദ്ധീകരിക്കുകയുണ്ടായി. ടി കരട് ലിസ്റ്റിൻമേൽ പരാതികൾ സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് 11–05–07 വരെ സമയം അനുവദിക്കുകയും ഉണ്ടായി.

അതനുസരിച്ച് ലഭിച്ച 8 പരാതികൾ പരിശോധിച്ചതിൽ 2 എണ്ണം അനുവദിക്കുകയും, കരട് ലിസ്റ്റിൽ തദനുസരണം ഭേദഗതികൾ വരുത്തുകയും ചെയ്യുകയുണ്ടായി.

ഈ സാഹചര്യത്തിൽ, ഒന്നാം പരാമർശിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ അസിസ്റ്റന്റ് എഞ്ചിനിയർ / തത്തുല്യ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ പേര് പറയുന്ന ജീവനക്കാരെ ടിയാന്മാരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള നഗരസഭകളിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) കെ.എൻ.മണി – കൊച്ചി
കളമശ്ശേരി

(2) കെ.എസ്.രതീഷ് – കളമശ്ശേരി
കൽപ്പറ്റ

(3) പി.സുരേന്ദ്രൻ – തിരുവനന്തപുരം
ചെങ്ങന്നൂർ

(4) ഇ.എ.മുഹമ്മദ് അബ്ദുൾ റഹ്മാൻ – ഷൊർണ്ണൂർ
ഇരിങ്ങാലക്കുട

(5) കെ.സുനിൽകുമാർ – കൊല്ലം
സൗത്ത് പരവൂർ

(6) കെ.രാജേന്ദ്രൻപിള്ള — സൗത്ത് പരവൂർ
കൊല്ലം

(7) എസ്.ബി.സജീവ് — ചെങ്ങന്നൂർ
പാലക്കാട്

മേൽ സ്ഥലംമാറ്റങ്ങൾ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചാണ് നടത്തിയിട്ടുള്ളത്.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

ടിയാന്മാരെ ജോലിയിൽ നിന്നും വിടുതൽ ചെയ്ത / പ്രവേശിപ്പിച്ച വിവരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ ഉടൻ ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**എ.ഷാജഹാൻ.ഐ.എ.എസ്**
**നഗരകാര്യ ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാക്കാർക്ക്
(നഗരസഭാ സെക്രട്ടറി മുഖേന)
ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്ക് (മേയർ / ചെയർമാൻ മുഖേന)
പകർപ്പ് – നഗരകാര്യ ജോയിന്റ് ഡയറക്ടർ (ഭരണം), ഇ4, സൂപ്രണ്ട്, കരുതൽ ഫയൽ

ആജ്ഞാനുസരണം / അയക്കുന്നത്,

സൂപ്രണ്ട്